*"ഭരണഭാഷ മാതൃഭാഷ"*

നം.കമ്പ്യൂട്ടർ-13800/2017/ഡി.ഇ.എസ്

സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി 05/06/2017

# <u>സർക്കുലർ</u>

വിഷയം : ബഹു: മുഖ്യമന്ത്രിയുടെ പൊതുജനപരാതി പരിഹാര സെൽ മുഖേന ലഭിക്കുന്ന പരാതികൾ തീർപ്പാക്കുന്നത് സംബന്ധിച്ച്

സൂചന :

സംസ്ഥാനത്ത് ബഹു: മുഖ്യമന്ത്രിയുടെ പൊതുജനപരാതി പരിഹാര സെൽ മുഖേന ലഭിക്കുന്ന പരാതികൾ നിലവിൽ ഇതിന് വേണ്ടി സംസ്ഥാന സർക്കാർ പ്രത്യേകം തയ്യാറാക്കിയിട്ടുള്ള www.cmo.kerala.gov.in എന്ന online web portal മുഖേന യാണ് കൈകാര്യം ചെയ്യുത് വരുന്നത്. ഈ സംവിധാനം വഴി വകുപ്പിന് ലഭിക്കുന്ന പരാതികൾ ഒരോന്നും ബന്ധപ്പെട്ട സെക്ഷനുകൾക്ക് / ഓഫീസുകൾക്ക് കമ്പ്യൂട്ടർ വിഭാഗത്തിൽ നിന്നും കൈമാറുകയും അന്തിമ നടപടി റിപ്പോർട്ട് online-ആയി മേൽ പറഞ്ഞ web portal-ൽ upload ചെയ്യുത് കൊണ്ടാണ് ഈ സംവിധാനം നിലവിൽ പ്രവർത്തിക്കുന്നത്. എന്നാൽ എല്ലാ പരാതികളും സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതായും, നടപടികൾ സ്വീകരിക്കുന്ന രീതിയിൽ ഒരു ഏകീകൃത സ്വഭാവമില്ലാത്തതായും കാണുന്നു. ആയതിനാൽ താഴെ പറയുന്ന നടപടികൾ, ഈ കാര്യത്തിൽ, വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസികളും സെക്ഷനുകളും സ്വീകരിക്കേണ്ടതാണ്.

1. Online വഴി ലഭിക്കുന്ന പരാതികൾ Print-Out എടുത്ത് അനൌദ്യോഗിക കുറിപ്പ് / കത്ത് ആയി ബന്ധപ്പെട്ട സെക്ഷനുകൾക്ക് / ഓഫീസുകൾക്ക് പരാതി ലഭിച്ച് 2 ദിവസത്തിനകം കമ്പ്യൂട്ടർ വിഭാഗത്തിൽ നിന്നും നൽകേണ്ടതാണ്.
2. ഈ പരാതികൾക്ക് നടപടി സ്വീകരിച്ച വിവരം വിശദമാക്കി കൊണ്ട് "ബഹു: മുഖ്യമന്ത്രിയുടെ പരാതി പരിഹാരസംവിധാനം ഗവർൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം" എന്ന് സംബോധന ചെയ്യുകൊണ്ട് തയ്യാറക്കേണ്ടതും, ഇതിന്റെ പകർപ്പ് പ്ലാനിംഗ് സെക്രട്ടറി, ബന്ധപ്പെട്ട പരാതിക്കാരൻ / പരാതിക്കാരിക്ക് നൽകേണ്ടതുമാണ്.
3. ഇപ്രകാരം തയ്യാറാക്കിയ മറുപടിയുടെ പകർപ്പ് കമ്പ്യൂട്ടർ ഡിവിഷനിൽ നൽകേണ്ടതാണ്.

4. ലഭിക്കുന്ന മറുപടികൾ യഥാസമയം മേൽ പറഞ്ഞ online web portal-ലിൽ upload ചെയ്യുത് കൊണ്ട് പരാതി തീർപ്പ്കൽപ്പിക്കുന്നതിനുള്ള നടപടികൾ കമ്പ്യൂട്ടർ വിഭാഗം കൈകോള്ളണ്ടതാണ്.
5. ലഭിച്ച പരാതികൾ, തീർപ്പ് കൽപ്പിച്ചവയുടെയും തീർപ്പ്കൽപ്പിക്കുവാൻ ബാക്കിയുള്ളവയുടെയും ഒരു സ്റ്റാറ്റ്സ്സ് റിപ്പോർട്ട് തയ്യാറാക്കി എല്ലാ മാസവും രണ്ടാം തീയതി ഡയറക്ടർ ജനറലിന് കമ്പ്യൂട്ടർ വിഭാഗം നൽകേണ്ടതാണ്.

**ഡയറക്ടർ ജനറൽ**

ഡയറക്ടർ എസ്.ഡി.പി
ഡയറക്ടർ എസ്.ഡി.ആർ.ടി
എല്ലാ അഡീഷണൽ ഡയറക്ടർമാർക്കും
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും
എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ സെക്ഷൻ മേധാവികൾക്കും
എല്ലാ ജില്ലാ ഡി.ഡി മാർക്കും
എല്ലാ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർമാർക്കും

പകർപ്പ്:-

ഡയറക്ടർ ജനറലിന്റെ സി.എ
വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്